(ഡി) നമ്മുടെ സംസ്ഥാനത്ത് എത്ര ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയെന്നും അത് ഏത് ജില്ലകൾ ആണെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാരിന്റെ കാലാവധി തീരുന്നതിനുമുമ്പ് ഏതെല്ലാം ജില്ലകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുവരെയായി 60 നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു കഴിഞ്ഞു. ഫെബ്രുവരി 20-ാം തീയതിയോടുകൂടി ഇത് 76 എണ്ണം ആകും. ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കുന്നതാണ്.

(ബി) പൂർത്തിയായ മണ്ഡലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* മറ്റു മണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) എല്ലാ മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രാരംഭ നടപടികളെങ്കിലും നടന്നിട്ടുണ്ട്.

(ഡി) പാലക്കാടും തൃശ്ശൂരും ആണ് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായ രണ്ടു ജില്ലകൾ.

(ഇ) ആലപ്പുഴ, എറണാകുളം ജില്ലകൾ ഫെബ്രുവരി 20-ാം തീയതി സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം

180 (1144) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഇതിനോടകം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനുവേണ്ടി സർക്കാരും കെ.എസ്.ഇ.ബി.യും ഓരോ നിയോജകമണ്ഡലത്തിനും ഇതിനോടകം എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാകാത്ത നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 60 നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY